
# സി. മുഹമ്മദ് മണ്ണാർക്കാട്



പ്രസ്ഥാന പ്രവർത്തകർക്കും നാട്ടുകാർക്കുമിടയിൽ എപ്പോഴും നിറചിരിയുമായി പ്രത്യക്ഷപ്പെടാറുള്ള, 'സി' എന്ന ഒറ്റക്ഷരത്തിൽ അറിയപ്പെട്ടിരുന്ന സി. മുഹമ്മദ് സാഹിബിന്റെ(88) നിര്യാണത്തോടെ മണ്ണാർക്കാട്ടെ പഴയകാല കണ്ണികളിൽനിന്ന് ഒന്നു കൂടി നഷ്ടപ്പെട്ടു. പ്രാദേശിക ജമാഅത്ത് മുൻ അമീറും തുടക്കം മുതലേ ഇർഷാദ് സ്ഥാപനങ്ങളുടെ സാരഥികളിലൊരാളുമായിരുന്ന 'സി'യുടേത് മാതൃകാ ജീവിതമായിരുന്നു. പ്രസ്ഥാന പ്രവർത്തനങ്ങളിലെ സജീവത, ഉത്തരവാദിത്വ നിർവഹണത്തിലെ കൃത്യത, പാർട്ടി തീരുമാനങ്ങളോടുള്ള വിധേയത്വം, ആരാധനാകർമങ്ങളിലെ നിഷ്ഠ, പെരുമാറ്റത്തിലെ നിഷ്കളങ്കത എന്നിവയിലൂടെ നേടിയെടുത്ത ബന്ധങ്ങളും ആദരവുമാണ് മണ്ണാർക്കാട് മണലടി ജുമുഅത്ത് പള്ളിയിലെ ജനാസ നമസ്കാരത്തിലേക്ക് വലിയൊരു ജനാവലിയെ എത്തിച്ചത്.

മുസ്‌ലിം ലീഗുകാരനായിരിക്കെ ബീഡി തെറുപ്പിൽ നിന്ന് മാറ്റം മോഹിച്ച് ബോംബെയിലേക്ക് തൊഴിലന്വേഷിച്ച് പോയപ്പോഴാണ് ജമാഅത്തെ ഇസ്‌ലാമിയെ മനസ്സിലാക്കിയത്. നാട്ടിൽ തിരിച്ചെത്തി ഹംദർദ് ഘടകവുമായി ബന്ധപ്പെടുകയും വൈകാതെ ജമാഅത്തിൽ അംഗത്വമെടുക്കുകയും ചെയ്തു. അബുൽ ജലാൽ മൗലവി, ടി.കെ മുഹമ്മദ് സാഹിബ്, അസ്ഗർ അലി സാഹിബ്, കെ.വി മുഹമ്മദ്കുട്ടി എന്നിവർക്കൊപ്പം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ജമാഅത്ത് സന്ദേശം എത്തിക്കുന്നതിൽ അദ്ദേഹം വലിയ പങ്ക് വഹിച്ചു.

സംഘടനയുടെ മേൽ വിലക്ക് വീണ അടിയന്തരാവസ്ഥയുടെ നാളുകളിൽ പ്രവർത്തകരെ ഏകോപിപ്പിക്കുന്നതിലും പരീക്ഷണഘട്ടത്തിൽ പതറാതെ പിടിച്ചുനിർത്തുന്നതിലും ശ്രദ്ധിച്ച മുഹമ്മദ് സാഹിബ് തന്നെയാണ് അന്ന് ജയിലിൽ പോകേണ്ടിവന്ന അബുൽ ജലാൽ മൗലവിയുടെ കുടുംബത്തിന് ആശ്വാസവും തണലുമായി വർത്തിച്ചത്.

മക്കളെയും മറ്റു കുടുംബാംഗങ്ങളെയും പ്രസ്ഥാന മാർഗത്തിൽ കൊണ്ടുവരുന്നതിലും ഉറപ്പിച്ചുനിർത്തുന്നതിലും അസാധാരണമായ ആവേശം കാണിച്ചു അദ്ദേഹം; അതിൽ ഏറെക്കുറെ വിജയിക്കുകയും ചെയ്തു.

പ്രസ്ഥാന യാത്ര തുടങ്ങിയ ശേഷം അതിന്റെ എല്ലാ സമ്മേളനങ്ങളിലും സ്ഥാപനങ്ങളുടെ വാർഷികങ്ങളിലും മുടങ്ങാതെ പങ്കെടുത്തിരുന്ന അദ്ദേഹത്തിന്, കഴിഞ്ഞ മാസം ശാന്തപുരം അൽജാമിഅയിൽ നടന്ന ബിരുദദാന ചടങ്ങിൽ സന്നിഹിതനാകാൻ കഴിയായിരുന്നതിലെ വേദന പലരുമായും പങ്കുവെച്ചിരുന്നു. പ്രസ്ഥാന നേതാക്കളുമായി സാധ്യമാവുന്നേടത്തോളം അടുത്ത ബന്ധം പുലർത്താനും അദ്ദേഹം ശ്രമിച്ചിരുന്നു. മണലടി പ്രദേശത്ത് കാർക്കൂൻ ഘടകം നിലവിൽ വന്നത് മുതൽ അദ്ദേഹത്തിന്റെ വീട് തന്നെയായിരുന്നു അതിന്റെ ഓഫീസും. മഹല്ലിലെ എല്ലാ വിഭാഗം ആളുകളുമായും സൗഹൃദം ഊട്ടിയുറപ്പിക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ഭാര്യയും ആറ് ആൺമക്കളും നാല് പെൺമക്കളുമുണ്ട്.

**എം.സി അബ്ദുല്ല, മണ്ണാർക്കാട്**

# അസ്മാബി എസ്.വി

**പുതിയങ്ങാടി** മൊട്ടാമ്പ്രം വനിതാ കാർക്കൂൻ ഹൽഖയിലെ സജീവ പ്രവർത്തകയും *ഗൾഫ് മാധ്യമം* ചീഫ് എഡിറ്റർ വി.കെ ഹംസ അബ്ബാസിന്റെ പത്നിയുമായിരുന്നു സഹോദരി അസ്മാബി എസ്.വി. കുടുംബത്തോടൊപ്പം കോഴിക്കോടും ബഹ്റൈനിലും താമസിച്ചപ്പോഴൊക്കെ അവിടങ്ങളിലെ ഹൽഖകളിൽ സജീവമായിരുന്നു.



ഖുർആൻ മനഃപാഠമാക്കാൻ അത്യധികം ഉത്സുകയായിരുന്നു അവർ. ഞങ്ങളുടെ തർബിയത്ത് യോഗങ്ങളധികവും അവരുടെ വീട്ടിലായിരുന്നു ചേർന്നിരുന്നത്. യോഗങ്ങളിൽ നിർദേശിക്കപ്പെട്ടിരുന്ന പ്രാർഥനകളും ഖുർആൻ സൂക്തങ്ങളും മുടങ്ങാതെ മനഃപാഠമാക്കിയിരുന്നു. ആര് രോഗിയാണെന്നറിഞ്ഞാലും അവരെ സന്ദർശിക്കാനും സുഖ വിവരങ്ങൾ അറിയാനും അവിടെ എത്തുമായിരുന്നു. അസുഖമായിരിക്കെ തന്നെ ഇങ്ങനെ പല സന്ദർശനങ്ങളും നടത്തിയിട്ടുണ്ട്.

സൽക്കാരപ്രിയ ആയിരുന്നു അവർ. ഈയുള്ളവളെ ഹൽഖയിൽ സജീവമാക്കിയതും അവരായിരുന്നു. ആദ്യമാദ്യം പല കാരണങ്ങൾ പറഞ്ഞ് ഞാൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചാലും നിരന്തരമായി വിളിച്ച് യോഗങ്ങളിലേക്ക് കൂട്ടികൊണ്ട് പോവും. ഒരുമ്മയുടെ സ്നേഹവും വാത്സല്യവും എപ്പോഴും നൽകുമായിരുന്നു.

പ്രസ്ഥാന പ്രവർത്തന വീഥിയിൽ സജീവമായ പ്രിയതമൻ വി.കെ ഹംസ സാഹിബിന്റെ തിരക്ക് പിടിച്ച ജീവിതത്തിൽ താങ്ങും തണലുമായി, പരിഭവങ്ങളോ പരിദേവനങ്ങളോ ഇല്ലാതെ, കലവറയില്ലാത്ത സ്നേഹ പരിലാളനകളുമായി അവർ കൂടെ നിന്നു എന്നതാണ് എടുത്ത് പറയേണ്ട മറ്റൊരു കാര്യം. കരുത്തനായ പുരുഷനു പിന്നിലെ സ്ത്രീ എന്ന് പറയും പോലെ. ആ സമർപ്പണത്തിൽ അവർ സായൂജ്യം പൂണ്ടു.

**ആയിശബി എസ്.എൽ.പി മാടായി**

*അല്ലാഹുവേ, പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കേണമേ - ആമീൻ*